ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം


PARISH BULLETIN

നോമ്പുകാലം - 2017

Vol.9 Issue 1




Binu
&
Kitty
Kuzhikkattu
Ponkunnam
16-01-2017


Tom & Roshini
Elamathayil
(General Printers)
Ponkunnam
On 14th January 2017



പൊൻകുന്നം ഇടവകയിലെ
സ്തുത്യർഹമായ
സേവനത്തിനുശേഷം
സ്ഥലംമാറിപ്പോയ
**ഫാ. സിറിയക് മാത്തൻകുന്നേലിന്**
പ്രാർത്ഥനാശംസകൾ....

നമ്മുടെ ഇടവകയിൽ
അസി. വികാരിയായി
ചുമതലയേറ്റെടുത്ത
**ബഹു. ജോസഫ് അറയ്ക്കപ്പറമ്പിലച്ചന്**
ഹൃദ്യമായ സ്വാഗതം



# ഉള്ളടക്കം


| | | |
|---|---|---|
| നോമ്പുകാലം | – | 2 |
| ഇടയമൊഴി | – | 3 |
| ഇടവക വിശേഷങ്ങളിലൂടെ | – | 5 |
| നന്ദിയോടെ | – | 10 |
| ഇന്നത്തെ സുവിശേഷം | – | 12 |
| നിയമബോധനം | – | 14 |


## എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | - ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ | 9562765688 |
| സബ് എഡിറ്റേഴ്സ് | - റോബിൻ കട്ടിക്കാരൻ | 9446602386 |
| | - വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - അജേഷ് പനയ്ക്കൽ | |
| | സൂസൻ വെട്ടിക്കൊമ്പിൽ | |
| | കിറ്റിൻ ഗോൾഡ്ഹിൽ | |
| | കുസുമം ഗോൾഡ്ഹിൽ | |
| | മരിയ മടുക്കക്കുഴി | |



Published by : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

2017 മാർച്ച് - ഏപ്രിൽ ലക്കം

Layout & Printing: General Offset PNKM Ph: 222564, 9495496974

# നോമ്പുകാലം

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണല്ലോ രക്ഷാകര കർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. ഉയിർപ്പുതിരുനാളിനു മുമ്പുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. മാംസവർജ്ജനം ഈ കാലത്തിന്റെ അവശ്യഭാഗമായി കണക്കാക്കിപ്പോരുന്നു. ഈശോയുടെ നാല്പത് ദിവസത്തെ ഉപവാസമാണ് വലിയനോമ്പ് എന്ന പേരിലറിയപ്പെടുന്ന ഈ കാലഘട്ടത്തിന്റെ അടിസ്ഥാനം. എങ്കിലും സാധാരണമായി 'അമ്പതു നോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുന്നത്. മാർത്തോമ്മാ ക്രിസ്ത്യാനികൾ പേത്തുർത്താ ഞായർ മുതൽ ഉയിർപ്പുതിരുനാൾ വരെ നോമ്പ് നോക്കിയിരുന്നതാകാം അമ്പതുനോമ്പ് എന്നു പറയാനുള്ള കാരണം. പേത്തുർത്താ എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അവസാനിച്ചു', 'മുഴുവനായി' എന്നൊക്കെയാണ്. സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങളവസാനിച്ചു എന്നാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

മാമ്മോദീസാ വഴി ദൈവമക്കളും പുതിയ മനുഷ്യരുമായിത്തീർന്ന നമ്മൾ പാപം വഴി ദൈവത്തിൽ നിന്നകന്നു. മനുഷ്യന്റെ പാപവും, അതിന്റെ അനന്തരഫലങ്ങളും, അനുതാപത്തിന്റെയും മന:പരിവർത്തനത്തിന്റെയും ആവശ്യകതയും, അനുതപിക്കുന്ന പാപികളോട് ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും, ഈശോമിശിഹായുടെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവയും ഈ കാലത്തിലെ ചിന്താവിഷയങ്ങളാണ്.

ദൈവവുമായും മനുഷ്യർ തമ്മിൽത്തമ്മിലും അനുരഞ്ജിതർ ആകേണ്ടതിന്റെ ആവശ്യകതയിലേക്ക് നോമ്പുകാലം പ്രത്യേകമായി ശ്രദ്ധതിരിക്കുന്നു. അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജന കൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നത്.

പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉന്മൂലനം ചെയ്ത്, തീക്ഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മപ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ അനുസ്മരിപ്പിക്കുന്നു.



# ഇടയമൊഴി



ഈശോയിൽ പ്രിയ സ്നേഹിതരേ,

പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്ന വലിയ നോമ്പിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. നമ്മുടെ കർത്താവിന്റെ പീഡാനുഭവം, മരണം, സംസ്ക്കാരം എന്നിവയാണ് ഇക്കാലയളവിലെ പ്രധാന ധ്യാനവിഷയം. കുരിശിലെ യാഗബലിക്ക് കാരണമായ നമ്മുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുന്നതിനും മന:പരിവർത്തനത്തിലൂടെ സ്നേഹപിതാവായ ദൈവത്തിങ്കലേയ്ക്ക് തിരിയുന്നതിനും നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു.

വാർഷികധ്യാനത്തോടുകൂടെ നമ്മുക്ക് നോമ്പ് ആരംഭിക്കാം. മാർച്ച് 2, 3, 4, 5 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. രാവിലെ 9 നും വൈകുന്നേരം 5 നും കുർബാനയും തുടർന്ന് ധ്യാനവും ഉണ്ടാകും. ഞായറാഴ്ച രാവിലെ മാത്രമേ ധ്യാനം ഉണ്ടായിരിക്കൂ. ഇടവകയിലെ 18 വയസ്സ് പൂർത്തിയായ എല്ലാവരേയും ധ്യാനത്തിലേയ്ക്ക് പ്രതീക്ഷിക്കുന്നു. വിശ്വാസപരിശീലനവിഭാഗം രൂപതാ ഡയറക്ടർ ബഹു. അഗസ്റ്റിൻ പുതുപ്പറമ്പിലച്ചന്റെ നേതൃത്വത്തിലുള്ള ടീമാണ് ഇത്തവണ ധ്യാനം നയിക്കുന്നത്. ധ്യാനവിജയത്തിനായി നമ്മുക്ക് പ്രാർത്ഥിക്കാം. ധ്യാനാവസാനം ഓരോ കുടുംബത്തിൽനിന്നും ധ്യാനത്തിൽ പങ്കെടുത്തവരുടെ പേരുവിവരം കുടുംബനാഥന്മാർ പള്ളിയിൽ അറിയിക്കേണ്ടതാണ്. അതിനുള്ള ഫോം കൂട്ടായ്മാ ലീഡർമാർ വീടുകളിൽ എത്തിക്കുന്നതാണ്. വചനം കേൾക്കാനും ജീവിതം നവീകരിക്കാനും ആണ്ടിലൊരിക്കൽ ലഭിക്കുന്ന അവസരമായി കരുതി ധ്യാനത്തിൽ പൂർണ്ണമായി സംബന്ധിച്ച്, പാപമോചനകൂദാശ സ്വീകരിച്ച് പ്രസാദവരത്താൽ നിറയുവാൻ ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

നോമ്പുകാലത്ത് ഞായറാഴ്ച കുർബാനകൾ പതിവുസമയത്തുതന്നെ ആയിരിക്കും. മറ്റു ദിവസങ്ങളിൽ രാവിലെ 5.30 മുതൽ നിശ്ശബ്ദ ആരാധനയ്ക്കും കുമ്പസാരത്തിനും പള്ളിയിൽ സൗകര്യമുണ്ടായിരിക്കും. 6 മണിക്കുള്ള ആദ്യത്തെ കുർബാനയ്ക്കുശേഷം കുരിശിന്റെ വഴി നടത്തുന്നതാണ്. അതിനുശേഷമായിരിക്കും രണ്ടാമത്തെ കുർബാന. ബുധൻ, വ്യാഴം ദിവസങ്ങളിൽ വൈകുന്നേരം 5 മണിക്കും കുർബാന ഉണ്ടായിരിക്കും. ബുധനാഴ്ച വൈകിട്ടത്തെ കുർബാനയ്ക്കുശേഷം തിരുക്കുടുംബനൊവേനയും വ്യാഴാഴ്ച വൈകിട്ടത്തെ കുർബാനയ്ക്ക് മുമ്പ് അരമണി

ക്കൂർ ആരാധനയും ഉണ്ടായിരിക്കും. ബുധനാഴ്ചകളിൽ രാവിലെ 6 നും 7 നും കുർബാന ഉണ്ടായിരിക്കും. വെള്ളിയാഴ്ച പതിവുള്ള ഉപവാസ പ്രാർത്ഥനയും ഉച്ചയ്ക്കുള്ള കുർബാനയും ഉണ്ടായിരിക്കുന്നതാണ്,

പ്രാർത്ഥനയുടെയും ജീവിത നവീകരണത്തിന്റെയും നല്ല ദിനങ്ങൾ എല്ലാവർക്കും നേരുന്നു. ഈശോ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം** (വികാരിയച്ചൻ)

**മാർത്തോമ്മാ നസ്രാണികളുടെ പെസഹാഭക്ഷണം**

പെസഹാവ്യാഴാഴ്ച മാർത്തോമ്മാക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ നടക്കുന്ന പെസഹാഭക്ഷണം ലോകത്തിൽ മറ്റൊരിടത്തും കണ്ടെത്താനാകാത്ത പ്രത്യേകാചരണമാണ്. ആരംഭത്തിൽ അവർക്ക് യഹൂദമതത്തോടുണ്ടായിരുന്ന ബന്ധവും അത് സൂചിപ്പിക്കുന്നുണ്ടാവാം. പെസഹാദിനത്തിൽ അവരുടെ ഭവനങ്ങളിൽ വിശേഷാൽ തയ്യാറാക്കുന്ന കുരിശപ്പവും പാലുമാണ് പെസഹാഭക്ഷണവിഭവങ്ങൾ. യഹൂദന്മാർ ആഘോഷപൂർവ്വം കൊണ്ടാടിയിരുന്ന പെസഹാഭക്ഷണത്തിന്റയും (പുറ 12:1-14) അന്ന് മിശിഹാ മനുഷ്യമക്കളോടുള്ള സ്നേഹത്തിന്റെ പാരമ്യത്തിൽ സ്ഥാപിച്ച വിശുദ്ധ കുർബാനയുടെയും (മത്താ 26:26-30) സാഹചര്യങ്ങളോട് അനുരൂപപ്പെടുത്തി നടത്തുന്ന കുടുംബാചരണമെന്ന നിലയിൽ പെസഹാഭക്ഷണം വളരെ ശ്ലാഘനീയമാണ്. കുടുംബനായിക വിഭവങ്ങൾ തയ്യാറാക്കുന്നതിനു നേതൃത്വം കൊടുക്കുമ്പോൾ ഭക്ഷണം പങ്കുവയ്ക്കുന്ന കർമ്മത്തിന് കുടുംബനാഥൻ നേതൃത്വം നല്കുന്നു. കുടുംബാംഗങ്ങൾ ആരെങ്കിലും മരിക്കുന്ന വർഷം കുരിശപ്പം ഉണ്ടാക്കാറില്ല. അയൽവാസികളോ ബന്ധുക്കളോ കൊണ്ടുവരുന്ന അപ്പം ഭക്ഷിക്കുക മാത്രം ചെയ്യുന്നു.

പെസഹാവ്യാഴാഴ്ച യഹൂദരുടെ പെസഹാഭക്ഷണവും വിശുദ്ധ കുർബാനസ്ഥാപനവും അനുസ്മരിപ്പിക്കുന്ന പ്രത്യേക പ്രാർത്ഥനകൾക്കുശേഷം കുടുംബനാഥൻ അപ്പം മുറിച്ച് എല്ലാവർക്കും കൊടുക്കുകയും എല്ലാവരും നിന്നുകൊണ്ടുതന്നെ ആദ്യ കഷണം പാലിൽമുക്കി ഭക്ഷിക്കുകയും ചെയ്യുന്നു. ക്രൈസ്തവരല്ലാത്തവർക്ക് കുരിശപ്പം കൊടുക്കാറില്ല. അതിനായി മറ്റു തരത്തിലുള്ള അപ്പം തയ്യാറാക്കുന്നു. പെസഹാഭക്ഷണത്തിന്റെ അവസാനം നന്ദിപ്രകടനപ്രാർത്ഥന നടത്താറുണ്ട്. അന്ന് പുത്തൻപാന വായിക്കുന്ന പാരമ്പര്യം മാർത്തോമ്മാനസ്രാണികളുടെ ഇടയിലുണ്ട്.

## ഇടവക വിശേഷങ്ങളിലൂടെ



ഫെബ്രുവരി 27 - നോമ്പാരംഭം (ഉപവാസദിനം)

മാർച്ച് 19 - വി.യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ

## വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ

**ഏപ്രിൽ 09 (ഞായർ) – ഓശാന ഞായർ**

5.15 എ.എം. - വി.കുർബ്ബാന

7.00 എ.എം. - ഓശാന തിരുക്കർമ്മങ്ങൾ, വി. കുർബ്ബാന

10.00 എ.എം. - വി. കുർബ്ബാന

4.00 പി.എം. - വി.കുർബ്ബാന

**13 (വ്യാഴം)**

3.30 പി.എം. – **പെസഹാ തിരുക്കർമ്മങ്ങൾ**

5.00 -6.00 പി.എം - പൊതുആരാധന

**14 (വെള്ളി) - പീഡാനുഭവ വെള്ളി**

12.00 - തിരുക്കർമ്മങ്ങൾ ആരംഭിക്കും.
അതിനുശേഷം കഞ്ഞി, കുരിശിന്റെ വഴി

**15 (ശനി) - വലിയ ശനി**

6.30 എ.എം - വി.കുർബ്ബാന, വെള്ളം വെഞ്ചെരിപ്പ്,
മാമ്മോദീസാ വ്രതനവീകരണം

**16 (ഞായർ) - ഉയിർപ്പ് ഞായർ**

2.40 എ.എം - ഉയിർപ്പ് തിരുക്കർമ്മങ്ങൾ

5.15 എ.എം - വി. കുർബ്ബാന

7.00 എ.എം - വി.കുർബ്ബാന

10.00 എ.എം. - വി. കുർബ്ബാന

4 മണി കുർബാന ഉണ്ടായിരിക്കുന്നതല്ല

# സൺഡേ സ്കൂൾ

1. **വാർഷിക പരീഷ**

   1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 2-ാം തീയതി (ഞായർ), 10 ന്റെ പരിശുദ്ധ കുർബാനയ്ക്കു ശേഷം നടത്തുന്നതാണ്.

2. **അദ്ധ്യാപക പരിശീലനം**

   ഉത്ഥാനോത്സവത്തിന് ഒരുക്കമായി സൺഡേസ്കൂൾ അദ്ധ്യാപകർക്കുവേണ്ടിയുള്ള പരിശീലനക്ലാസ്സ് മാർച്ച് 26-ാം തീയതി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തുന്നതാണ്.

3. **ഉത്ഥാനോത്സവം**

   ഈ വർഷത്തെ ഉത്ഥാനോത്സവം ഏപ്രിൽ 3 മുതൽ 8 വരെ തീയതികളിൽ നടത്തുന്നതാണ്. 1 മുതൽ 12 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും ഉത്ഥാനോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്.

4. **മിശിഹാനുഭവ ധ്യാനം**

   സൺഡേ സ്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടി മിശിഹാനുഭവ ധ്യാനം മെയ് 2 മുതൽ 5 വരെ തീയതികളിൽ തമ്പലക്കാട് എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്.

*റോബിൻ കട്ടിക്കാരൻ, ഹെഡ്മാസ്റ്റർ*

# മാതൃവേദി

1. റവ.ഫാ. മാത്യു പിണമറുകിലിന്റെയും റവ.ഫാ.തോമസ് ഈറ്റോലിലിന്റെയും പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം നടത്തി.
2. ഇടവകത്തിരുനാളിനോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ സെമിത്തേരി വൃത്തിയാക്കുകയും തിരുനാൾ സ്റ്റാൾ നടത്തുകയും ചെയ്തു.
3. വിവാഹ സഹായമായി പതിനായിരം രൂപാ നല്കി.
4. ജനുവരി 25-ാം തീയതി കല്ലൂർക്കാവ്, കൈനകരി, എടത്വാ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് തീർത്ഥാടനം നടത്തി.
5. സ്ഥലം മാറിപ്പോയ ബഹു. സിറിയക് മാത്തൻകുന്നേലച്ചന് യാത്രയയപ്പ് നല്കി.

*ബിന്ദു തേക്കുംതോട്ടം, സെക്രട്ടറി*

## സാരഥി

1 സാരഥിയുടെ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും കൊച്ചച്ചന്റെ മുമ്പാകെ അവതരിപ്പിച്ചു.

2. ഒരുവർഷക്കാലം സാരഥിയുടെ മേൽനോട്ടം വഹിച്ച കൊച്ചച്ചന് സംഘാംഗങ്ങൾ എല്ലാവരും നന്ദിപറഞ്ഞു.

3. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 17500/- രൂപ നല്കി.


## ചെറുപുഷ്പ മിഷൻലീഗ്

1 മിഷൻ ലീഗിന്റെ നേതൃത്വത്തിൽ 26-1-2017 ൽ നിലയ്ക്കൽ തീർത്ഥാടനം നടത്തി.

2. പത്രം ശേഖരിച്ച് ഫണ്ട് രൂപീകരിച്ചു

3. ബഹു. കൊച്ചച്ചന് യാത്രയയപ്പു നൽകി.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**



## സി. വൈ. എം. എ.

1. ഈ വർഷത്തെ തിരുനാൾ പ്രസുദേന്തിമാരുടെ യോഗം 26-2-17 ഞായറാഴ്ച 7.00 പി.എം ന് അസംബ്ളി ഹാളിൽ കൂടുന്നു. അജണ്ട: തിരുനാൾ കണക്ക് പ്രസിദ്ധപ്പെടുത്തൽ

2. സംഘടനയുടെ ആഭിമുഖ്യത്തിൽ മാർച്ച് 11 ശനിയാഴ്ച രാമേശ്വരത്തേക്ക് ഏകദിന വിനോദയാത്ര നടത്തുവാൻ ഉദ്ദേശിക്കുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 1000/- രൂപ അഡ്വാൻസ് സഹിതം സി.വൈ.എം.എ ഓഫീസിലോ പ്രസി./സെക്രട്ടറി പക്കലോ പേര് രജിസ്റ്റർ ചെയ്യുക.

**റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)**

## യുവദീപ്തി

1. **പൗരോഹിത്യ വാർഷികം**

   ഇടവക വികാരി ഫാ. ജോസഫ് വെള്ളമറ്റത്തിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ 30-ാം വാർഷികം യുവദീപ്തി അംഗങ്ങൾ ആഘോഷിച്ചു.

2. **ഒരുക്കങ്ങൾ നടത്തി**

   ജനുവരി 5 ന് ഫാ. ഡേവിസ് കണയങ്കലിന്റെ പൗരോഹിത്യ സ്വീകരണത്തിനുവേണ്ടി പള്ളി പരിസരം വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തു.

3. **ഗ്രോട്ടോ വൃത്തിയാക്കി**

   പള്ളി തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങൾ മാതാവിന്റെ ഗ്രോട്ടോ വൃത്തിയാക്കി.

4. **വിനോദയാത്ര പോയി**

   ഫാ. സിറിയക് മാത്തൻകുന്നേലിന്റെ നേതൃത്വത്തിൽ യുവദീപ്തി അംഗങ്ങൾ ആലുവ മണപ്പുറം, മംഗലപ്പുഴ സെമിനാരി, ഗാന്ധിഗ്രാം ലപ്രസി ഹോം, കൊരട്ടിമുത്തി, കൊടുങ്ങല്ലൂർ, അഴിക്കോട് ബീച്ച് എന്നീ സ്ഥലങ്ങളിലേക്ക് വിനോദയാത്രപോയി.

5. **തിരുനാൾ ആഘോഷം**

   ഇടവക തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങൾ സജീവമായി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയും, പള്ളി പരിസരത്ത് സ്റ്റാൾ നടത്തുകയും ചെയ്തു.

6. **യാത്രയയപ്പ് നടത്തി**

   സ്ഥലം മാറിപ്പോയ ബഹു.ഫാ. സിറിയക് മാത്തൻകുന്നേലിന് യാത്രയയപ്പ് നൽകി.

*അഖിൽ കൊല്ലമല (സെക്രട്ടറി)*

## വിൻസെൻഷ്യൻ വേദി

1 അംഗങ്ങൾ വാർഷിക ഭവന സന്ദർശനം നടത്തി വരുന്നു.

2. രണ്ടു രോഗികൾക്ക് ചികിത്സാ സഹായമായി 15,000/- രൂപാ നൽകി.

3. ബഹു. സിറിയക് മാത്തൻകുന്നേലച്ചന് യാത്രയയപ്പു നൽകി.




## തിരുസ്സഭയിലെ നവസൂനങ്ങൾ

1. മരിയ - തടത്തേൽ
2. തോമസ് - മന്നംപ്ലാക്കൽ
3. ക്രിസാമറിയം - വയലുങ്കൽ
4. സെബാസ്റ്റ്യൻ - കുമ്പളപള്ളിയിൽ
5. തോമസ് - ഇടമണ്ണേൽ
6. മറിയം - പുത്തൻപുരയ്ക്കൽ
7. മറിയം - ചെത്തിമറ്റത്തിൽ
8. തോമസ് - തുണ്ടിയിൽ
9. പൈലോ - മാക്കൽ
10. മരിയ - വെട്ടിമല
11. ജോൺ - പന്തിരുവേലിൽ
12. അബ്രഹാം - നെടുംപറമ്പിൽ
13. ജോർജ് - നെടുംപറമ്പിൽ
14. മേരി - കിളിരൂപറമ്പിൽ
15. ജോസഫ് - കിളിരൂപറമ്പിൽ
16. മരിയ - പുത്തൻപുരയ്ക്കൽ

## ഓർമ്മകളിലേയ്ക്ക്

1. ജേക്കബ് കുര്യൻ പുതുപ്പറമ്പിൽ
2. സെലിൻ ജോർജ് പത്യാല
3. ജോൺ മാറാട്ടുകുളം
4. റോസ കൊച്ചറയ്ക്കൽ
5. ത്രേസ്യാമ്മ ആലുങ്കൽ
6. ചാക്കോ പുതുപ്പറമ്പിൽ
7. ഏലിക്കുട്ടി വായുമറ്റത്തിൽ
8. തോമസ് തടത്തേൽ



## നമ്മൾ ഒന്നായി

1. ഷിജോ - ബ്ലസി വെച്ചൂക്കരോട്ട്
2. എബ്രഹാം - മരിയ പെരികിലക്കാട്ട്
3. പോൾ - ട്രീസാ പന്തിരുവേലിൽ
4. തോമസ് - റോസ് തുണ്ടിയിൽ
5. അൽഫോൻസ് - മറിയം കളരിക്കൽ
6. ജോസഫ് - എലിസബത്ത് ഏർത്തയിൽ
7. തോമസ് - അന്നമ്മ ഇളമതയിൽ
8. വർഗീസ് - ത്രേസ്യാമ്മ കുരീക്കാട്ട്
9. തോമസ് - അന്നമ്മ കുഴിക്കാട്ട്
10. അപ്രേം - അന്നമ്മ കട്ടിക്കാരൻ
11. ഫിലിപ്പോസ് - മേരി തെക്കയിൽ

# നന്ദിയോടെ

പിതാവിനാൽ അയയ്ക്കപ്പെട്ട ഈശോ തന്റെ പ്രേഷിത പ്രവർത്തനം പൂർത്തിയാക്കിയത് സ്വന്തം ജീവിത ബലിയിലൂടെയാണ്. കുരിശിലെ ബലിയിലൂടെ പിതാവായ ദൈവത്തിന്റെ അനന്തമായ സ്നേഹം അവിടുന്ന് പ്രഘോഷിച്ചു. സ്വന്തം ജീവിതം ബലിയർപ്പിക്കുക എന്നതാണ് പൗരോഹിത്യ ജീവിതത്തിലെ പരമോന്നതമായ പ്രേഷിത പ്രവർത്തനം.

കഴിഞ്ഞ ഒരു വർഷം പൊൻകുന്നം ഇടവകയിലെ ദൈവജനത്തിനു വേണ്ടി ദൈവഹിതമനുസരിച്ച് ശുശ്രൂഷ ചെയ്ത നമ്മുടെ പ്രിയ ബ്രൈറ്റ് അച്ചൻ എരുമേലി അസംപ്ഷൻ ഇടവകയിലേയ്ക്ക് അസി. വികാരിയായി സ്ഥലം മാറി പോയിരിക്കുകയാണ്. പൊൻകുന്നത്ത് അസി. വികാരിയായി സ്ഥാനമേറ്റ അന്നുമുതൽ ബഹു. വികാരിയച്ചനോടൊപ്പം തന്നിലർപ്പിതമായ വൈദിക ശുശ്രൂഷയുടെ ചുമതലകൾ അണുവിടാതെ അനുഷ്ഠിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധാലുവായിരുന്നു. ഏത് ചുമതല ഏറ്റെടുത്താലും അത് പരമാവധി ഭംഗിയാക്കുവാൻ നന്നായി പ്ലാൻ ചെയ്ത് ഒരുപാട് ഹോം വർക്ക് ചെയ്യുന്ന രീതി അച്ചന്റെ പ്രത്യേകതയായിരുന്നു.

ഫൊറോനാ യുവദീപ്തിക്കു വേണ്ടി നമ്മുടെ ഇടവകയിൽ വച്ച് നടത്തിയ യുവജന സെമിനാർ 'ഹെസദ് 2016', ബഹു. ഡേവിസ് കണയങ്കലച്ചന്റെ തിരുപ്പട്ട സ്വീകരണ ഗാനശുശ്രൂഷയുൾപ്പെടെയുള്ള കാര്യങ്ങളുടെ ക്രമീകരണങ്ങൾ, ഈ വർഷത്തെ ക്രിസ്തുമസ് പ്രോഗ്രാമുകൾ തുടങ്ങിയവയിലെല്ലാം അച്ചന്റെ മികവിന്റെ മാന്ത്രിക സ്പർശം നാം കാണുകയുണ്ടായി. ഇവയെല്ലാം രൂപതാ തലത്തിൽ വരെ പ്രശംസ പിടിച്ചുപറ്റി.

ഈ കാലയളവിൽ മാതൃദീപ്തിക്കുവേണ്ടി എല്ലാ മാസങ്ങളിലും നല്ല ക്ലാസ്സുകൾ എടുക്കുകയും അൾത്താരബാലന്മാർക്ക് നല്ല ഫോർമേഷൻ നൽകാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു. സൺഡേസ്കൂളിന്റെ എല്ലാ കാര്യങ്ങളിലും സജീവസാന്നിദ്ധ്യവും പ്രോൽസാഹനവും ആയിരുന്ന അച്ചൻ യുവദീപ്തിയെ ഇടവക തലത്തിലും രൂപതാ തലത്തിലും ഉയരങ്ങളിലെത്തിക്കുകയുണ്ടായി.

ഇടവകയുടെ ആത്മീയ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്ന അച്ചൻ വഴി

തെറ്റുന്ന യുവജനതയെ പ്രവാചക ദൗത്യത്തോടെ തിരുത്തുമായിരുന്നു.

ഇടവകയിലെ കുടുംബപ്രശ്നങ്ങളിലും അവരുടെ ദു:ഖങ്ങളിലും ഇടപെട്ട് അവരെ ആശ്വസിപ്പിക്കുവാൻ അച്ചന് കഴിഞ്ഞിരുന്നു. വി.കുർബ്ബാന മദ്ധ്യേ അച്ചൻ നൽകിയിരുന്ന നല്ല സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രസംഗങ്ങൾ ഇടവകജനത്തിന്റെ ആത്മീയ ഉണർവ്വിന് കാരണമായിരുന്നു. ഇടവക ബുള്ളറ്റിനിൽ അച്ചൻ കൈകാര്യം ചെയ്തു വന്ന 'വിളക്ക്' എന്ന പക്തി ഇപ്പോഴും നന്നായി പ്രകാശിക്കുന്നു.

തനിക്ക് ശരിയെന്നു തോന്നുന്ന കാര്യങ്ങളിലുള്ള കാർക്കശ്യം അച്ചന്റെ വ്യക്തിത്വത്തിന് മാറ്റ് കൂട്ടുന്നു. ബഹു.വെള്ളമറ്റത്തിലച്ചനോടൊപ്പം ലഭിച്ച ഒരു വർഷത്തെ ഇടവക ശുശ്രൂഷാ പരിചയം ബ്രൈറ്റ് അച്ചന്റെ ജീവിതത്തിൽ എന്നും പ്രകാശിച്ചു നിൽക്കുമെന്നതിൽ തെല്ലും സംശയമില്ല.

ബ്രൈറ്റ് അച്ചന്റെ ടൈം മാനേജ്മെന്റ് എല്ലാ യുവാക്കൾക്കും മാതൃകയാണ്. ഈ തിരക്കുകൾക്കിടയിലും അദ്ദേഹം എം.എസ്.സി. സൈക്കോളജി പൂർത്തിയാക്കുകയും എം.എ. സോഷ്യോളജിക്ക് പഠിക്കുകയും ചെയ്യുന്നു.

ജീവിതത്തിൽ നേരിടുന്ന വെല്ലുവിളികളെ പരിമിതപ്പെടുത്താനാണ് ഇന്ന് പലരും ശ്രമിക്കുക. എന്നാൽ പരിമിതികളെ വെല്ലുവിളിക്കുന്ന ഒരു വ്യക്തിത്വമാണ് ബഹു. ബ്രൈറ്റ് അച്ചനിലുള്ളത്.

പൗരോഹിത്യ ജീവിതയാത്രയിൽ മുൾക്കിരീടം കിട്ടിയാലും പൂച്ചെണ്ട് കിട്ടിയാലും മുഖപ്രസന്നത കൈവിടാതിരിക്കുവാനുള്ള ഒരു ആത്മീയ ചൈതന്യം അച്ചനുണ്ട്. മങ്ങിപ്പോകാത്ത മുഖപ്രസന്നതയാണ് ഒരുവന്റെ ആത്മീയതയുടെ അളവുകോൽ എന്ന് വേണമെങ്കിൽ പറയാം.

മുമ്പോട്ടുള്ള ജീവിതത്തിൽ ഒരു നല്ല അജപാലകനും പ്രേഷിതനുമായി തീരട്ടെയെന്ന് പൊൻകുന്നം ഇടവക ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അച്ചൻ ഞങ്ങൾക്ക് നൽകിയ കലർപ്പില്ലാത്ത സ്നേഹത്തിന് നന്ദിപറയുന്നു. ഇനിയും അച്ചൻ അർപ്പിക്കുന്ന ഒരായിരം വി.ബലികളിൽ ഇടവകയെ സ്മരിക്കണമെ.

വർഗീസ് മുതുപ്പാക്കൽ

പാരീഷ് കൗൺസിൽ സെക്രട്ടറി

# ഇന്നത്തെ സുവിശേഷം

## നോമ്പുകാലം 2017

**ഫെബ്രുവരി**

| | | | |
|---|---|---|---|
| 26 | ഞായർ | - മത്താ | 4:1 - 11 |
| 27 | തിങ്കൾ | - മത്താ | 5:17 - 26 |
| 28 | ചൊവ്വ | - മത്താ | 5:38 - 42 |
| **മാർച്ച്** | | | |
| 1 | ബുധൻ | - മത്താ | 6:5 - 8 |
| 2 | വ്യാഴം | - മത്താ | 6:25 - 34 |
| 3 | വെള്ളി | - മത്താ | 7:1 - 6 |
| 4 | ശനി | - മത്താ | 6:9 - 15 |
| 5 | ഞായർ | - മത്താ | 7:21 - 27 |
| 6 | തിങ്കൾ | - മർക്കോ | 7:14 - 23 |
| 7 | ചൊവ്വ | - മത്താ | 7:7 - 12 |
| 8 | ബുധൻ | - മത്താ | 9:1 - 8 |
| 9 | വ്യാഴം | - മത്താ | 5:33 - 37 |
| 10 | വെള്ളി | - മർക്കോ | 11:27 - 33 |
| 11 | ശനി | - മത്താ | 11:16 - 19 |
| 12 | ഞായർ | - മത്താ | 20:17 - 28 |
| 13 | തിങ്കൾ | - മർക്കാ | 12:28 - 34 |
| 14 | ചൊവ്വ | - ലൂക്കാ | 21:29 - 36 |
| 15 | ബുധൻ | - മത്താ | 1:18 - 25 |
| 16 | വ്യാഴം | - മർക്കോ | 12:35 - 40 |
| 17 | വെള്ളി | - മർക്കോ | 12:18 - 27 |
| 18 | ശനി | - മത്താ | 21:28 - 32 |
| 19 | ഞായർ | - മത്താ | 21:33 - 44 |
| 20 | തിങ്കൾ | - യോഹ | 5:1 - 18 |
| 21 | ചൊവ്വ | - യോഹ | 5:19 - 23 |
| 22 | ബുധൻ | - യോഹ | 6:60 - 69 |
| 23 | വ്യാഴം | - യോഹ | 7:1 - 13 |
| 24 | വെള്ളി | - യോഹ | 7:25 - 31 |
| 25 | ശനി | - ലൂക്കാ | 1:26 - 38 |
| 26 | ഞായർ | - യോഹ | 7:37 - 39 |
| 27 | തിങ്കൾ | - ലൂക്കാ | 18:18 - 25 |
| 28 | ചൊവ്വ | - ലൂക്കാ | 10:33 - 37 |
| 29 | ബുധൻ | - യോഹ | 8 :1 - 11 |
| 30 | വ്യാഴം | - ലൂക്കാ | 18: 31 - 34 |
| 31 | വെള്ളി | - യോഹ | 8 :49 - 59 |
| **ഏപ്രിൽ** | | | |
| 1 | ശനി | - മർക്കോ | 10:1 - 12 |
| 2 | ഞായർ | - യോഹ | 10:11 - 18 |
| 3 | തിങ്കൾ | - യോഹ | 12 44 - 50 |
| 4 | ചൊവ്വ | - ലൂക്കാ | 13 :31 - 35 |
| 5 | ബുധൻ | - മത്താ | 18 :15 - 20 |
| 6 | വ്യാഴം | - ലൂക്കാ | 3: 8 - 11 |
| 7 | വെള്ളി | - യോഹ | 11: 38 - 45 |
| 8 | ശനി | - യോഹ | 12: 1 - 8 |
| 9 | ഞായർ | - മത്താ | 21:1 - 17 |
| 10 | തിങ്കൾ | - യോഹ | 11 :47 - 57 |
| 11 | ചൊവ്വ | - യോഹ | 12: 20 - 26 |
| 12 | ബുധൻ | - യോഹ | 12: 27 - 33 |
| 13 | വ്യാഴം | - യോഹ | 13:1 - 14 |
| 14 | വെള്ളി | - ലൂക്കാ | 22:63 - 23 |
| 15 | ശനി | - മത്താ | 28:1 - 20 |
| 16 | ഞായർ | - ഉയിർപ്പ് തിരുനാൾ | |

# നിയമബോധനം

അത്യാവശ്യം അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ

**ബോബൻ മണ്ണാറാത്ത്**

അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

## കേരള പഞ്ചായത്ത് രാജ് ആക്ട് – 1994

## വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും– I

ഗ്രാമഭരണം പുനഃസംഘടിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനുമായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നു. ത്രിതല പഞ്ചായത്ത് രാജ് സംവിധാനം സ്ഥാപിക്കുന്നതിനും അങ്ങിനെയുള്ള പഞ്ചായത്തുകൾക്ക് സ്വയംഭരണ സ്ഥാപനമായി പ്രവർത്തിക്കുന്നതിനും ആവശ്യമായ വിധത്തിലുള്ള അധികാരങ്ങളും ചുമതലകളും, അവ നിർവ്വഹിക്കുന്നതിന് ആവശ്യമായ ധനസമാഹരണ മാർഗ്ഗങ്ങളും സുവ്യക്തമായി നിർവ്വഹിക്കുന്നതിനും പഞ്ചായത്ത് രാജ് ആക്ട് നിയമപിൻബലം ഉറപ്പു വരുത്തുന്നു.

നാമോരോരുത്തരുടെയും പ്രായോഗിക ജീവിതത്തിൽ പഞ്ചായത്ത് ആഫീസ് വില്ലേജാഫീസ് എന്നീ രണ്ട് ആഫീസുകളുടെ പങ്ക് വളരെ വലുതാണ്. പഞ്ചായത്ത് നിയമങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വില്ലേജാഫീസ് പ്രവർത്തന ങ്ങളെക്കുറിച്ചും സാധാരണക്കാർക്ക് വിജ്ഞാനം നൽകുന്ന രീതിയിൽ തുടർന്നുള്ള ഏതാനും ലക്കങ്ങളിൽ പ്രതിപാദിക്കുന്നതാണ്.

മേൽക്കൂരയുള്ള ഒരു കെട്ടിടത്തിന്റെ ചുമർ ഘനം ഉൾപ്പെടെയുള്ള തറനിരപ്പിന്റെ വിസ്തീർണ്ണം, തറവിസ്തീർണ്ണമായും, സെല്ലാറോ നിലകളുള്ളതോ ആയ കെട്ടിടത്തിന്റെ തുറസായ ടെറസ് ഭാഗം ഒഴികെയുള്ള ഓരോ നിലയിലുമുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണ്ണവും തറവിസ്തീർണ്ണമായി കണക്കാക്കപ്പെടുന്നു. പഞ്ചായത്തിന്റെ പ്രദേശത്തിലുള്ള ഓരോ കെട്ടിടത്തിനും തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്തേണ്ടതാണ്. വസ്തു നികുതി എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഭൂമിയുടെ നികുതിയല്ല.

നമ്മുടെ ഒക്കെ വീടുകളിൽ നിന്നും വേറിട്ടു നിർമ്മിച്ചിട്ടുള്ളതും അതേ പുരയിടത്തിൽ സ്ഥിതി ചെയ്യുന്നതുമായ കക്കൂസ്, കുളിമുറി, വിറകുപുര, കാലിത്തൊഴുത്ത്, പട്ടിക്കൂട്, പക്ഷികൂട്, കാർഷെഡ്, പമ്പ് ഹൗസ് എന്നിവയുടെ തറവിസ്തീർണ്ണം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ വീടിനോടനുബന്ധിച്ച് സ്വിമ്മിംഗ്പൂൾ ഉണ്ടെങ്കിൽ അത് തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തും. ഒരു കെട്ടിടത്തിന് പല ഉടമസ്ഥരുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി ചുമത്തുന്നതാണ്. ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി

നീക്കി വച്ചിട്ടുണ്ടെങ്കിൽ ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് ചേർത്ത് നികുതി നിർണ്ണയിക്കും.

നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും, നികുതി ഒഴിവാക്കാനുള്ള കാരണങ്ങളും ഒരു പ്രത്യേക രജിസ്റ്ററിൽ സെക്രട്ടറി രേഖപ്പെടുത്തി സൂക്ഷിക്കണമെന്നതാണ് ചട്ടം.

1) താമസത്തിനായി, 2) വ്യവസായികാവശ്യത്തിനായി, 3) വിദ്യാലയങ്ങൾക്കും, 4) ആശുപത്രികൾക്കുമായി, 5) അമ്യൂസ്മെന്റ് പാർക്കുകൾ, 6) മൊബൈൽ ടെലിഫോൺടവർ എന്നിവക്ക് ഒക്കെയുമായി സർക്കാർ, ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് അടിസ്ഥാന നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. അതിനുവിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട നികുതി നിർക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം പാസ്സാക്കണം.

ഗ്രാമപഞ്ചായത്ത് അന്തിമമായി നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും പ്രാബല്യത്തിലിരിക്കുന്ന കാലയളവും വ്യക്തമാക്കുന്ന ഒരു വിജ്ഞാപനം ഗ്രാമപഞ്ചായത്ത് ആഫീസ് നോട്ടീസ് ബോർഡിലും രണ്ട് ദിനപത്രങ്ങളിലും സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ആദ്യത്തെ 5 വർഷക്കാലം കഴിഞ്ഞുള്ള അടുത്ത 5 വർഷക്കാലത്തേക്കുള്ളത് നിലവിലുള്ള നിരക്കുകളിൻ മേൽ കുറഞ്ഞത് 25% ഉം കൂടിയത് 35% ഉം എന്ന തോതിൽ വർദ്ധനവു വരുത്തി വീണ്ടും മുകളിൽ പറഞ്ഞ പ്രകാരം പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

പാർപ്പിടാവശ്യങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് വീടുകൾ, അപ്പാർട്ടുമെന്റുകൾ, റസിഡൻഷ്യൽ ഫ്ളാറ്റുകൾ, ഹോസ്റ്റലുകൾ എന്നിവയും വ്യാവസായികാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങൾ എന്നാൽ ഏതു തരത്തിലുമുള്ള ഉൽപ്പന്നങ്ങളോ, വസ്തുക്കളോ ഉൽപാദിപ്പിക്കുകയോ സംസ്കരിക്കുകയോ ശേഖരിക്കുകയോ, യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്ന കെട്ടിടങ്ങൾ എന്നുമാണ്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നാൽ സാധനങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും വിൽപ്പനക്കായി സംഭരിച്ചു വക്കുന്നതിനുമുള്ള കെട്ടിടങ്ങളും ഭക്ഷണശാലകളും ആണ്. മറ്റാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളായി ആഫീസുകൾ, ഓഡിറ്റോറിയം, കല്ല്യാണമണ്ഡപം, കോൺഫ്രൻസ് ഹാൾ, വർക്ക് ഷോപ്പ്, സർവ്വീസ് സ്റ്റേഷൻ, ലോഡ്ജുകൾ എന്നിവയാണ് കണക്കാക്കുന്നത്.

ഓരോ കെട്ടിടത്തിന്റെയും ഉടമ തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളുമടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ പഞ്ചായത്തിൽ ഇതിനോടകം നൽകിയിട്ടുള്ളതാണ്. വസ്തു നികുതി നിർണ്ണയത്തിന്റെ ആവശ്യത്തിലേയ്ക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കോ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഏതൊരു കെട്ടിടത്തിലും പ്രവേശിക്കുവാനും പരിശോധന നടത്തുവാനും അധികാരമുണ്ട്.

സൂര്യാസ്തമനത്തിനും മുൻപും, സൂര്യോദയത്തിനുശേഷവും മാത്രമേ ഏതു

ഉദ്യോഗസ്ഥർക്കും വീടുകളിൽ പ്രവേശിക്കാൻ പാടുള്ളൂ എന്നത് ഏവർക്കും അറിവുള്ളതാണല്ലോ.

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയശേഷം അപ്രകാരമുള്ള നികുതി പിരിക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് നമ്മുടെ വീടുകളിൽ ഇതിനോടകം എത്തിയിട്ടുള്ളതാണല്ലോ. ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറി ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചു കഴിഞ്ഞാൽ കെട്ടിട ഉടമക്ക് അപ്രകാരമുള്ള നിർണ്ണയത്തിനെതിരെ ആക്ഷേപമുള്ള പക്ഷം സെക്രട്ടറിയുടെ ഡിമാന്റ് നോട്ടീസ് ലഭിച്ചു 30 ദിവസത്തിനകം കെട്ടിട ഉടമക്കോ അയാൾ അധികാരപ്പെടുത്തിയ ആൾക്കോ രേഖാമൂലം ഗ്രാമപഞ്ചായത്തിന്റെ നികുതി കാര്യ അപ്പീൽ കൈകാര്യം ചെയ്യുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മുമ്പാകെ സെക്രട്ടറിയുടെ നികുതി നിർണ്ണയത്തിനെതിരെ അപ്പീൽ നൽകാകുവന്നതാണ്.

എന്നാൽ സെക്രട്ടറി നിർണ്ണയിച്ച പ്രകാരമുള്ള വസ്തു നികുതി (അപ്പീൽ നൽകുന്ന അർദ്ധവർഷാവസാനം വരെയുള്ളത്) കെട്ടിട ഉടമ ഒടുക്കി അതിന്റെ രസീത് അപ്പീൽ ഹർജിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. നികുതി ഒടുക്കിയ രസീത് ഹാജരാക്കാത്തപക്ഷം അപ്പീൽ സ്വീകരിക്കുകയില്ല.

നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് സെക്രട്ടറി വസ്തു നികുതി പുനർനിർണ്ണയം നടത്തിയിട്ടുള്ളത് എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ബോദ്ധ്യപ്പെട്ടാൽ അപ്പീൽ നിരസിക്കാവുന്നതാണ്. അപ്പീൽ അപേക്ഷ നിരസിക്കുകയോ അനുവദിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുള്ള കാരണങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനത്തിൽ പരാമർശിക്കേണ്ടതാണ്. അപ്പീൽ ഹർജി അനുവദിച്ചാൽ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ സെക്രട്ടറി ഭേദഗതികൾ വരുത്തി കെട്ടിട ഉടമക്ക് പുതിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതാണ്,

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ട്രൈബ്യൂണൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ഫയൽ ചെയ്ത അപ്പീൽ നിരസിക്കുന്നപക്ഷം 30 ദിവസങ്ങൾക്കകമായി റിവിഷൻ ഹർജി ടി ട്രൈബ്യൂണലിൽ ഫയൽ ചെയ്യാവുന്നതാണ്.

വസ്തു നികുതി കൊടുക്കുന്നതിന് കെട്ടിട ഉടമ തയ്യാറാകാതിരുന്നാൽ പഞ്ചായത്തിന് ടി കെട്ടിടത്തിന്റെ കൈവശക്കാരനിൽ നിന്നും തുക ഈടാക്കാവുന്നതും അപ്രകാരം ഒടുക്കിയ തുക കെട്ടിട ഉടമയിൽ നിന്നും പന്നീട് നികുതി അടച്ച കൈവശക്കാരന് ഈടാക്കാവുന്നതുമാണ്. അതോടൊപ്പം തന്നെ ജപ്തി, പ്രോസിക്യൂഷൻ, വ്യവഹാരം എന്നീ നിയമാനുസ്യത നടപടികളിലൂടെ വസ്തു നികുതി കുടിശ്ശിഖ കെട്ടിട ഉടമയിൽ നിന്നും സെക്രട്ടറിക്ക് ഈടാക്കാവുന്നതുമാണ്.

ഒരു കെട്ടിട ഉടമയോ അയാളുടെ ഏജന്റോതന്റെ കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണന്നോ, അല്ലെങ്കിൽ ഏത് തീയതി മുതൽ ഒഴിഞ്ഞു കിടക്കുമെന്നോ എന്ന

വിവരം സെക്രട്ടറിയെ നോട്ടീസ് മുഖാന്തിരം അറിയിച്ചാൽ ഒരു അർദ്ധവർഷത്തിൽ അറുപതു ദിവസമോ അതിൽ കൂടുതലോ ഒഴിഞ്ഞു കിടക്കുണ്ടെങ്കിൽ ആ ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി, വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവു ചെയ്തു കൊടുക്കുവാൻ നിയമമുണ്ട്. അതുപോലെ തന്നെ കെട്ടിടം കൈമാറ്റം ചെയ്തു കഴിഞ്ഞാൽ മൂന്നു മാസത്തിനകമായി കൈമാറ്റ വിവരം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ, പൊളിച്ചു കളയുകയോ ചെയ്യുന്നതിനു മുൻപ് അത് സംബന്ധിച്ച് നോട്ടീസ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകുന്നതിന് കെട്ടിടം ഉടമ ബാദ്ധ്യസ്ഥനാണ്.

ശുചിത്വം പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ ഡ്രയിനേജ് സംവിധാനങ്ങൾ എന്നീ സൗകര്യങ്ങൾ നമ്മുടെ താമസ സ്ഥലത്ത് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി കൂടി (പൂർണ്ണ സംഖ്യയിൽ) ചുമത്താവുന്നതാണ്. എന്നാൽ ടി സേവനം ലഭ്യമാക്കിയിട്ടില്ലാത്ത കെട്ടിടങ്ങളെ അതത് സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 01-04-2013 മുതൽ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുമ്പോൾ നിലവിലുണ്ടായിരുന്ന നികുതിയുടെ 25% ൽ കൂടുതൽ അധികരിക്കുവാൻ പാടില്ലാത്തതാണ്. 660 ച. അടി വരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗ്രഹങ്ങളെയും വസ്തു നികുതിയിൽ നിന്നും 2015-2016 മുതൽ ഒഴിവാക്കേണമെന്നാണ് നിലവിലുള്ള നയം. 2000 ച. അടി വരെ തറ വിസ്തീർണ്ണമുള്ളതും വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതുമായ വീടുകൾക്ക് പുതുക്കിയ ചട്ടപ്രകാരമുള്ള നികുതി വർദ്ധന നിലവിൽ ബാധകമല്ല.

അടിസ്ഥാന വസ്തു നികുതി ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് പാർപ്പിട ആവശ്യത്തിന് കുറഞ്ഞ നിരക്ക് 3 രൂപയും കൂടിയ നിരക്ക് 8 രൂപയുമാണ്. നിലവിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള അരിയർ ഡിമാന്റ് നോട്ടീസ് 2012-2013 മുതൽ 2016-2017 വരെയുള്ള കാലത്തേക്കുള്ളതാണ്. ടി ഡിമാന്റ് നോട്ടീസിനോടൊപ്പം നമ്മൾ 2012 ശേഷം ഒടുക്കിയിട്ടുള്ള നികുതിക്കു ലഭിച്ച രസീത് കൂടി കൊടുക്കേണ്ടതും ആ തുക ഇളവു ചെയ്തു ലഭിക്കുന്നതുമാണ്. അസ്സ്മെന്റിൽ ഉള്ള വർദ്ധന താരതമ്യേന ന്യായമെങ്കിൽ അപ്പീലിനൊന്നും പോകാതിരിക്കുന്നതാണ് ഉചിതം. നികുതി അസ്സ്മെന്റിന്മേൽ പരാതി കൊടുത്താൽ ഒരിക്കൽ കൂടിതറ വിസ്തീർണ്ണം കണക്കാക്കേണ്ടതുണ്ട്. അതിനായി വരുന്ന ഉദ്യോഗസ്ഥർക്ക് നമ്മുടെ വീടുകളുടെ പ്രൈവസി വെളിപ്പെടുത്തേണ്ടതുണ്ടോ എന്നു കൂടി ചിന്തിക്കുന്നത് നന്നായിരിക്കും.



നവവൈദികൻ
ഫാ. ഡേവിസ്
കണയിങ്കൽ വി.സി. യ്ക്ക്
ഇടവക കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ...

## സ്നേഹസ്മരണയ്ക്ക്



സ്നേഹിച്ചു കൊതിതീരും മുമ്പേ...
കണ്ട് കൊതിതീരും മുമ്പേ...
ഞങ്ങളെ തീരാദുഃഖത്തിലാഴ്ത്തി
വേർപിരിഞ്ഞുപോയ
ഞങ്ങളുടെ പൊന്നോമനേ
ഉണ്ണീശോയോടൊപ്പം
സ്വർഗ്ഗത്തിലിരിക്കുമ്പോൾ
ഞങ്ങളെയും ഓർക്കണമേ.

പ്രാർത്ഥനയോടെ
അച്ചാച്ചൻ, അമ്മ, റ്റാനിയ, വല്യച്ചാച്ചൻ,
അമ്മാമ, വല്യമ്മച്ചിമാർ,
നെച്ചേരിക്കുമ്പുക്കൽ കുടുംബാംഗങ്ങൾ

**ടോംസ് തോമസ്**
നെച്ചേരിക്കുമ്പുക്കൽ
പൊൻകുന്നം
ജനനം: 04 – 09 – 2008
മരണം: 08 – 03 – 2016

**Baptism**
**15-02-2017**



**Iyna Treesa Nitheesh**
**(Anna Treesa)**
**Attakuzhivayalil**

# 25-ാം വിവാഹ വാർഷികം




**എ.ജെ. ജോണി & മിനി ജോൺ**
**വയലിൽ**

ഒത്തിരിയൊത്തിരി സ്നേഹത്തോടെ,

ജോമിൻ, ജോമിയ, ജോമോൾ, ജോസ്മി


Oasis Leisure Tours
എയർ ടിക്കറ്റ്
ട്രെയിൻ ടിക്കറ്റ്
ബസ് ടിക്കറ്റ്
വിസിറ്റിംഗ് വിസ
ഹൗസ് ബോട്ട് ബുക്കിംഗ്
പാസ്പോർട്ട്
ടൂർ പാക്കേജ്
DAILY TRIPS TO BANGALORE, CHENNAI
എല്ലാ വെള്ളിയാഴ്ചകളിലും വേളാങ്കണ്ണി തീർത്ഥാടനം
Kalappurackal Building, P.P. Road, Ponkunnam
04828 222416,09447 356651







Near RT Office, PP Road, Ponkunnam
Ph: 04828 221822, 9895222153
Near Kurisumkal Junction, KK Road, Kanjirappally
Ph: 8281525651, 8592053383